പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6687 09.11. 2016 ൽ മറുപടിക്ക്

**താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കാൻ നടപടി**

ചോദ്യം

ശ്രീ.എം.എം.മണി

" വി.അബ്ദുറഹിമാൻ

" രാജു എബ്രഹാം

" ഐ.ബി.സതീഷ്

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് പ്രതിമാസം 120 യൂണിറ്റിൽ താഴെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)ഈ ഇളവ് തുടർന്നും അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ ഇനത്തിൽ 2016-17 വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത ഇളവ് തുടരാൻ അനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ 1000 രൂപാ മാത്രമാണ് 'ടോക്കൺ വിഹിതം' ആയി ബജറ്റിൽ അനുവദിച്ചിട്ടുള്ളത്. |
| (സി) പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (സി) ഉണ്ട്. |
| (ഡി)എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?. | (ഡി)ഇതിനായി 2016-17-ൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ